



**മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പു നിയമം**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

**01.10.2018 മുതൽ 31.03.219**

**വാർഡ് 18 മോരിക്കര സൗത്ത്**

**കക്കോടി ഗ്രാമപഞ്ചായത്ത്**

**ചേളന്നൂർ ബ്ലോക്ക്**

**കോഴിക്കോട് ജില്ല**

**ഗ്രാമസഭ തിയ്യതി : 31.10.2019**

**വൈകുന്നേരം. 3 മണിക്ക്**

**മോരിക്കര മാറോളി അംഗൻവാടി**

## ആമുഖം

__________ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപംകൊണ്ടിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും മുതൽ നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പു വരുത്താനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ചെലവും പരമാവധി സംരക്ഷിക്കും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും നിർദേശിക്കപ്പെട്ടിട്ടുള്ള വേദന നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി ആണ് പാർലമെന്റ് ഈ നിയമം പാസാക്കിയത്.

തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേദന ഇതിന് അർഹതയുണ്ടായിരിക്കും. അതുപോലെ എടുത്ത് തൊഴിലിന് വേതനം 15 ദിവസത്തിലധികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പുവരുത്തുന്നു എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായി 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാട് പാലക്കാട് ജില്ലകളിൽ ഉൾപ്പെട്ടിരുന്നു 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിച്ചു ഇടുക്കി കാസർകോട് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട് ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര്യ ലഘൂകരണം ഇതിൽ നിർണായക വഴിത്തിരിവ് സൃഷ്ടിച്ച പദ്ധതി എന്ന കാര്യം പരിഗണിച്ചും, 2009 ഒക്ടോബർ  രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## കക്കോടി ഗ്രാമപഞ്ചായത്ത്

ചേളന്നൂർ ബ്ലോക്കിൽ ഉൾപ്പെടുന്ന കക്കോടി ഗ്രാമപഞ്ചായത് നല്ല രീതിയിൽ തൊഴിലുറപ്പു പ്രവര്ത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു.പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലൊപ്മെന്റ് ഓഫീസർ, ജെ ബി ഡി ഒ, അക്രെഡിറ്റഡ് എഞ്ചിനീയർ, അക്കൗണ്ടന്റ് ആൻറ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്കുവേണ്ടി നൽകുന്നു. 2018.2019 സാമ്പത്തിക വർഷത്തിൽ 76578 തൊഴിൽദിനങ്ങൾ ഈ പദ്ധതിയിലൂടെ പഞ്ചായത്ത് സൃഷ്ടിക്കുകയും,  450 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കക്കോടി പഞ്ചായത്ത് |
| വിസ്തീർണം | 20.1 ചതുരശ്ര കിലോമീറ്റർ |

| | |
|---|---|
| ജില്ല പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | ചേളന്നൂർ |
| താലൂക്ക് | കോഴിക്കോട് |
| ഉൾപ്പെടുന്ന വാർഡുകൾ | 21 |
| തൊഴിൽ കാർഡുടമകൾ | 3910 |
| സജീവ തൊഴിലാളികൾ | 836 |
| നിഷ്ക്രിയ തൊഴിലാളികൾ | 3074 |

## മുഖ്യ ലക്ഷ്യങ്ങൾ

- _അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായി ആയിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതികളുടെ മുഖ്യലക്ഷ്യം.
- ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- _നിയമത്തിന്റെ പിൻബലമുള്ള അവകാശഅധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന.
- ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാൻ ഉള്ള അവസരവും തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ചെയ്യുക.
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരെ ഇടനിലക്കാരോ ഇല്ല.

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കോഴിക്കോട് ജില്ലാ ജനറൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ആണ്, കോഴിക്കോട് ജില്ലയിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കക്കോടി ഗ്രാമപഞ്ചായത്ത് വാർഡ് 18 മോരിക്കര സൗത്ത് സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

1. <u>ആദ്യഘട്ടം</u>

_പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, വാർഡ് മെമ്പർ, എൻ ആർ ഇ ഇ ജി എസ് സ്റ്റാഫ്, എന്നിവരുമായി സോഷ്യൽ ഓഡിറ്റ് ചേളന്നൂർ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് പതിനെട്ടിൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

2. <u>രണ്ടാം ഘട്ടം</u>

_2018 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 2019 മാർച്ച് മാസം 31 ആം തീയതിവരെ ഏറ്റെടുത്തു നടത്തിയ പ്രവർത്തികളുടെ ഫയലുകൾ, 7 രജിസ്റ്റർ എംഐ എസ് എന്നിവ പരിശോധിക്കൽ.

3. <u>മൂന്നാംഘട്ടം</u>

_പരിശോധിച്ച് ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കൽ ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിക്കൽ.

4. <u>നാലാം ഘട്ടം</u>

_ഗുണഭോക്താക്കളുടെ പ്രവർത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും സജീവ് തൊഴിലാളികളെ കണ്ടു തൊഴിൽ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

5. <u>അഞ്ചാം ഘട്ടം</u>

ഫീൽഡ് പരിശോധന യുടെയും ഫയൽ പരിശോധനയിലൂടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാം എന്നും ഗ്രാമപഞ്ചായത്ത് തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്. പദ്ധതിയുടെ സുതാര്യതയും ഗുണമേന്മയും ഉറപ്പുവരുത്താൻ സോഷ്യൽ ഓഡിറ്റ് അനിവാര്യമാണ്.

## <u>തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ</u>

തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്നു.

1. തൊഴിൽകാർഡ് ലഭിക്കാനുള്ള അവകാശം (ഷെഡ്യൂൾ 2, ഗണിക 1-5, എ എം സി അദ്ധ്യായം. 3)

ഗ്രാമപഞ്ചായത്ത് സ്ഥിരതാമസം ഉള്ള അവിദഗ്ധ കായിക തൊഴിൽ ചെയ്യുവാൻ തയ്യാറായിട്ടുണ്ട് ആളുകൾ ഗ്രാമപഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യുക. ഒരു കുടുംബത്തിൽ തൊഴിൽ ആവശ്യമുള്ളവരുടെ മുഴുവൻ പേരുവിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഇതിനായി അപേക്ഷ നൽകേണ്ടത് അപേക്ഷയുടെ പൂർണ്ണ വിലാസം, വയസ്സ് വാർഡ് നമ്പർ റേഷൻ കാർഡ് നമ്പർ ആധാർ കാർഡ് നമ്പർ എന്നിവ ചേർത്തിരിക്കണം അപേക്ഷകർക്ക് പ്രാഥമിക അന്വേഷണത്തിന് ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൊഴിൽകാർഡ് അനുവദിച്ചു നൽകും. അപേക്ഷ നൽകിയാൽ 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകണം. ഒരു

കുടുംബത്തിന് ഒരു തൊഴിൽ കാർഡ് മാത്രമാണ് ലഭിക്കുക. തൊഴിൽ ആവശ്യമുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും വിവരങ്ങളും ഫോട്ടോയും കാർഡിൽ ഉണ്ടായിരിക്കണം ഒന്നിലധികം തൊഴിൽ കാർഡുകൾ ഒരാൾക്ക് ഉണ്ടാവുന്നത് ക്രിമിനൽ കുറ്റമാണ് എന്നാൽ മാതാപിതാക്കളെയും സഹോദരങ്ങളെയും മക്കളെയോ ആശ്രയിച്ചു കഴിയേണ്ടിവരുന്ന വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അഗതികൾ എന്നിവർക്ക് പ്രത്യേകം തൊഴിൽ കാർഡ് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യമുള്ള മുഴുവൻ കടുംബാംഗങ്ങളുടെയും പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോകൾ പതിച്ചിരിക്കണം ഫോട്ടോ എടുക്കുന്നതിന്റെ ചിലവ് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്ത് വഹിക്കും. അഞ്ചു വർഷത്തേക്കാണ് ഒരു തൊഴിൽ കാർഡ് അനുവദിച്ചു നൽകുന്നത്. ഒരു കുടുംബം ഒരുവർഷം ആവശ്യപ്പെട്ട തൊഴിൽദിനങ്ങൾ അനുവദിച്ച തൊഴിൽദിനങ്ങൾ ലഭിച്ച വേതനം ഏറ്റെടുത്ത പ്രവർത്തികളും മസ്റ്റർ റോൾ നമ്പറുകളും ലഭിച്ച തൊഴിലില്ലായ്മ വേതനം നഷ്ടപരിഹാരം മുതലായ വിവരങ്ങളും തൊഴിൽ കാർഡിൽ അതത് സമയം എഴുതി ചേർക്കണം

2. **അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശവുമായി ലഭിക്കുന്നതിനുള്ള അവകാശവും(ഷെഡ്യൂൾ 1, ഗണ്ണിക് 8 ഷെഡ്യൂൾ 6, ഗണ്ണിക-6-13)**

   തൊഴിൽ കാർഡ് ലഭിച്ചവർ തൊഴിൽആവശ്യമുള്ളപ്പോൾ പ്രത്യേകം അപേക്ഷ നൽകണം നിർദ്ദിഷ്ട ഫോറത്തുൽ ഗ്രാമപഞ്ചായത്തിലാണ് അപേക്ഷ നൽകേണ്ടത്. വെള്ളക്കടലാസിൽ അപേക്ഷ നൽകാവുന്നതാണ് 2014ലെ പുതിയ നിയമ നിർദ്ദേശങ്ങൾ പ്രകാരം മൊബൈൽഫോൺ ലാൻഡ് ഫോൺ ഇമെയിൽ ഇനി മാധ്യമ മുഖേനയും അപേക്ഷ നൽകാവുന്നതാണ് ചുരുങ്ങിയത് രണ്ട് ആഴ്ചത്തേക്കാണ് തൊഴിൽ ആവശ്യപ്പെടേണ്ടത്. തൊഴിലിനായി അപേക്ഷ നൽകുമ്പോൾ രസീത് കൈപ്പറ്റി ഇരിക്കണം എന്നു മുതൽ എന്നു വരെ ആണ് തൊഴിൽ ആവശ്യമുള്ളത് എന്ന് അപേക്ഷയിൽ വ്യക്തമാക്കണം അപേക്ഷച്ച തീയതി മുതൽക്കോ അപേക്ഷ ലഭിച്ചു പരമാവധി 15 ദിവസങ്ങൾക്കുള്ളിലോ തൊഴിൽ ലഭ്യമാക്കി ഇരിക്കണം. പരമാവധി 100 ദിവസത്തെ തൊഴിൽ ഇന്നാണ് അപേക്ഷ നൽകേണ്ടത് എന്നാൽ വനപ്രദേശത്തും, വനാതിർത്തിയിലും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 150 ദിവസത്തെ തൊഴിൽ നൽകുന്നതിന് ഇപ്പോൾ അനുവാദം ലഭിച്ചിട്ടുണ്ട്.

3. **തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം.**

   (ആദ്യത്തെ 30 ദിവസം കൂലിയുടെ ¼ ഭാഗവും പിന്നീടുള്ള ദിവസങ്ങളിൽ 1/2 ഭാഗം) തൊഴിൽ ആവശ്യപ്പെട്ട് വർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണമെന്നാണ് വ്യവസ്ഥ അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന് തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് ആവശ്യമാണ്. തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ പതിനാറാമത്തെ ദിവസം മുതൽ ആദ്യത്തെ 30 ദിവസം നിർദിഷ്ട വേതന ത്തിന്റെ നാലിലൊന്ന് കുറയാത്ത തുകയും പിന്നീടുള്ള ദിവസങ്ങളിൽ വേദന ത്തിന്റെ പകുതിയിൽ തുകയും ആണ് തൊഴിലില്ലായ്മ വേതനം ആയി ലഭിക്കുക. സംസ്ഥാന സർക്കാറാണ് തൊഴിലില്ലായ്മ വേതനം നൽകേണ്ടത് എന്നാൽ പിന്നീട് ഈ തുക തൊഴിൽ അനുവദിക്കുന്നതിൽ വീഴ്ചവരുത്തിയ അവരിൽനിന്ന് ഈടാക്കണം എന്നാണ് വ്യവസ്ഥ. തൊഴിൽ അനുവദിച്ചു നൽകിയ അന്നുമുതൽ ko 100 ദിവസത്തെ വേതനത്തിന് തുല്യമായ തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന ദിവസമോ തൊഴിലില്ലായ്മ വേതനത്തിനുള്ള അർഹത നഷ്ടമാകും. വേദന മായും തൊഴിലില്ലായ്മ വേതനം ആദ്യം ഒരാൾക്ക് പരമാവധി 100 ദിവസത്തെ വേതനത്തിനു തുല്യമായ തുകയെ

ലഭിക്കുകയുള്ളൂ.

4. ഷെൽഫ് ഓഫ് പ്രൊജക്ടട് യ്യാറാക്കുന്നതിനുള്ള അവകാശം.

ഒരു ഗ്രാമത്തിന് ഷെൽഫ് ഓഫ് പ്രൊജക്റ്റ് എന്നുപറയുന്നത് എസ്റ്റിമേറ്റ് അടക്കമുള്ള പ്രോജക്ടിന്റെ വിശദ വിവരങ്ങൾ ആണ്. ഇത് നടപ്പ് സാമ്പത്തിക വർഷത്തിലെ വർഷം ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കണം ഒരു ഗ്രാമ പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റിന്റെ ഇരട്ടിയിലധികം തുകയ്ക്കുള്ള പ്രവർത്തികളാണ് സെൽഫ് പ്രൊജക്ട്ൽ ഉണ്ടാവുക. ഇതിൽ ഏതു പ്രവർത്തി വേണമെങ്കിലും കാർഷിക കലണ്ടർ തൊഴിൽ ആവശ്യപ്പെട്ട് അവരുടെ എണ്ണം പ്രവർത്തി നടപ്പിലാക്കാനുള്ള കാലയളവ്, കാലാവസ്ഥ എന്നതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാം.

5. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം ( അല്ലെങ്കിൽ വേതനത്തിന് 10% അധികം).

അപേക്ഷകരുടെ താമസസ്ഥലത്തു നിന്ന് 5 കിലോമീറ്റർ ദൂരപരിധി ക്കുള്ളിൽ തൊഴിൽ നൽകുന്നതിന് മുൻഗണന നൽകണം. 5 കിലോമീറ്റർ ദൂരത്തിലാണ് തൊഴിൽ നൽകുന്നതെങ്കിൽ 10 ശതമാനം അധിക വേദന തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കും.

6. കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷാ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള ആകാശം (ഷെഡ്യൂൾ 2, ഗണ്ണിക 23-28)

തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ

- തൊഴിലാളികൾക്ക് തിളപ്പിച്ചാറിയ കുടിവെള്ളം നൽകുക.
- പ്രഥമ ശുശ്രൂഷ കിട്ടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
- ഭക്ഷണം കഴിക്കുന്നതിനും ഉച്ചക്ക് ഒരു മണിക്കൂർ വിശ്രമിക്കുന്ന അതിനും ടാർപോളിൻ ഷീറ്റ് കൊണ്ട് തണൽ ഒരുക്കുക.
- അഞ്ച് വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം അഞ്ചിൽ കൂടുതൽ ആണെങ്കിൽ അവരെ പരിപാലിക്കുക.

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം.

പദ്ധതിയുടെ വേതനം ബാങ്ക്, പോസ്റ്റ് ഓഫീസ്, എന്നിവിടങ്ങളിലെ അക്കൗണ്ടിലൂടെയാണ് നൽകുന്നത് ഓരോ തൊഴിലാളിക്കും പ്രത്യേക അക്കൗണ്ട് വേണം ഓരോ തൊഴിലാളികളുടെ വേതനം അവരവർക്കു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തും അതിനാലാണ് ഇങ്ങനെ നിഷ്കർഷിച്ചിട്ടുള്ളത്. സ്ത്രീ തൊഴിലാളികളുടെ വേതനത്തിന് മേലുള്ള അവകാശം അവർക്ക് തന്നെ ആയിരിക്കണമെന്ന് ഒരു ലക്ഷ്യവും ഈ വ്യവസ്ഥയ്ക്ക് പിന്നിലുണ്ട് തൊഴിലാളികളുടെ ആധാർ നമ്പർ കൂടി തൊഴിൽ കാർഡിൽ രേഖപ്പെടുത്തിയാൽ ആൾമാറാട്ടം, ഇരട്ടിപ്പ്, എന്നിവ മുഗേനയുള്ള പ്രശ്നങ്ങൾ കൂടി ഒഴിവാക്കുവാൻ സാധ്യമാകും.

8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം.

മസ്റ്റർ റോൾ അവസാനിച്ച 15 ദിവസത്തിനകം വേതനം ലഭിച്ചിരിക്കണം ഇങ്ങനെ ലഭിക്കാതെ വന്നാൽ പതിനാറാമത്തെ ദിവസം

മുതൽ, ലഭിക്കാനുള്ള വേതന ത്തിന്റെ 0.05 ശതമാനം തുക ഓരോ ദിവസവും നഷ്ടപരിഹാരമായി ലഭിക്കുമെന്ന് 2016ലെ പുതുക്കിയ ഷെഡ്യൂൾ 2 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് ഈ തുക തൽക്കാലം സർക്കാർ വഹിക്കുമെന്നും പിന്നീട് വിശദമായ അന്വേഷണത്തിന് അടിസ്ഥാനത്തിൽ ഉത്തരവാദികളായവരെ നിന്നും ഈടാക്കണം എന്നാണ് വ്യവസ്ഥ. മനപ്പൂർവ്വം അലംഭാവം മൂലം പാവപ്പെട്ട തൊഴിലാളികളുടെ വേതനം തുടങ്ങുകയോ ചെയ്യുന്നത് ഒഴിവാക്കുന്നതിനാലാണ് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അളവുകൾ രേഖപ്പെടുത്തേണ്ട ഓവർസിയർ മേൽ അളവുകൾ എടുക്കേണ്ടഅക്രെഡിറ്റെഡ് എൻജിനീയർ ഡാറ്റാ എൻട്രി നടത്തിയ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഒപ്പിട്ടു അയക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ ദിവസങ്ങൾക്കുള്ളിൽ നടത്തുന്നുവെന്നും പൂർത്തീകരിക്കുന്നുവെന്നും ഉറപ്പുവരുത്തണം.

9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.

തൊഴിലുറപ്പുനിയമം സെക്ഷൻ 19 ഷെഡ്യൂൾ 2, പാര 35 കേന്ദ്ര വാർഷിക സർക്കുലർ ചാപ്റ്റർ 104 എന്നിവ പ്രകാരം സമയബന്ധിത പരാതി പരിഹാരത്തിന് ഉള്ള അവകാശം അനുശാസിക്കുന്നു. തൊഴിലുറപ്പു മായി ബന്ധപ്പെട്ട പരാതികൾ രേഖ പരമായോ, വാക്കാലോ ഫോൺ മുഖാന്തരം നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരാതി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും പരാതിയിന്മേൽ എടുത്ത നടപടികൾ പരാതിക്കാരനെ അറിയിക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

ഒരു പ്രവർത്തിയുടെ നേരവകാശികൾ ആയ സാധാരണ ജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണോ, ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ പ്രതീക്ഷിച്ച് നേട്ടം ഈ പദ്ധതി മൂലം ഉണ്ടായിട്ടുണ്ടോ എന്ന് എല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീം രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും, പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു നോക്കുകയും ചെയ്യുന്നു പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട് അവതരിപ്പിക്കേണ്ടത്.

## പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ചോദിച്ചറിഞ്ഞ് കാര്യങ്ങൾ

1) തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം

തൊഴിൽകാർഡിലേക്കുള്ള ഫോട്ടോ ആദ്യം പഞ്ചായത്തിൽ നിന്നും എടുത്തതാണ് എന്ന് പിന്നീട് കാർഡ് പുതുക്കാൻ അതേ ഫോട്ടോ തന്നെ ഉപയോഗിച്ചതെന്നും തൊഴിലാളികൾ വ്യക്തമാക്കി.

2) തൊഴിലിനുള്ള അപേക്ഷ

_ തൊഴിലിനുള്ള അപേക്ഷ തൊഴിലാളികൾ നേരിട്ട് നൽകാറില്ല, മറിച്ച് ഗ്രൂപ്പ് ആയിട്ട് മാറ്റാണ് പഞ്ചായത്തിൽ അപേക്ഷ നൽകാറെന്നു തൊഴിലാളികളിൽ നിന്നും മനസിലാക്കാൻ സാധിച്ചു. അപേക്ഷ നൽകിയാൽ കൈപ്പറ്റ് രസീത് ലഭിക്കുന്നില്ലെന്നും തൊഴിലാളികൾ അറിയിച്ചു .

3) കൂലി / നഷ്ടപരിഹാരം

തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട് എന്ന് എനവേതനം ലഭിക്കാൻവൈകാറുണ്ടെന്നും തൊഴിലാളികളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു പഞ്ചായത്തിൽ നിന്നുംവേതനം വേഗത്തിൽ ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഫയൽ പരിശോധനയിൽ നിന്നും മനസ്സിലായി.

4) തൊഴിൽ സ്ഥലത്തെ സൗകര്യങ്ങളെക്കുറിച്ച് തൊഴിലാളികളുമായി സംസാരിച്ചപ്പോൾ തണലിനായി അവർക്കു ഷീറ്റില്ലെന്നും കുടിവെള്ളം അവർ സ്വന്തമായി കൊണ്ടുവരാറാ ണെന്നും പറഞ്ഞു. ഈ സൗകര്യങ്ങൾ പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കേണ്ടതാണ് എന്ന് തൊഴിലാളികൾക്ക് അറിയില്ല എന്ന് മനസ്സിലായി. ഫസ്റ്റ് എയ്ഡ് ബോക്സിൽ ലേക്ക് ആവശ്യമായ മരുന്നുകൾ ഹെൽത്ത് സെൻട്രലിൽ നിന്നും ലഭിക്കാറുണ്ട് എന്നും. ചില സമയങ്ങളിൽ പൈസ കൊടുത്ത് വാങ്ങിക്കാറുണ്ടെന്നും സൈറ്റ് ഡയറിയUടെ കൂടെ പഞ്ചായത്തിൽ ഏൽപ്പിക്കാൻ ഉണ്ടെന്ന് അക്കൗണ്ട് വഴി പൈസ ലഭിച്ചിട്ടുണ്ടെന്നും മാറ്റ് വ്യക്തമാക്കി.

5) ചികിത്സാസഹായം

തൊഴിൽ സ്ഥലങ്ങളിൽ നിന്ന് അപകടം സംഭവിച്ചപ്പോൾ മാച്ചിംഗ് കയ്യിൽ നിന്നും ചിലവായ തുക എക്കൗണ്ട് വഴി ലഭിച്ചിട്ടുണ്ടെന്നും, പരിക്കു പറ്റിയാൽ ഹെൽത്ത് സെന്ററിൽ ആണ് മിക്കവാറും പോകാറുള്ളത് എന്ന തൊഴിലാളികൾ അറിയിച്ചു.

6) ഷെൽഫ് ഓഫ് വർക്ക് തയ്യാറാക്കാൻ ഉള്ള അവകാശം.

തൊഴിലാളി ഗ്രാമസഭ വിളിച്ചുചേർക്കാൻ ഉണ്ടെന്നും അതിൽ എല്ലാ തൊഴിലാളികളും പങ്കെടുക്കാറുണ്ട് എന്നും തൊഴിലാളികളുടെ പ്രാതിനിധ്യം വർക്കിൽ ഉണ്ടാകാറുണ്ടെന്ന് വ്യക്തമാക്കി.

7) സോഷ്യൽ of അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം.

100 പണി തികയാൻ വേണ്ടി മറ്റ് വാർഡുകളിൽ പോകേണ്ടി വന്നത് അല്ലാതെ 5 കിലോമീറ്റർ അപ്പുറത്തേക്ക് തൊഴിലെടുക്കാൻ ആയി പോകേണ്ടി വന്നിട്ടില്ല.

## പ്രവർത്തി സംബന്ധിച്ച വിവരങ്ങൾ

കക്കോടി പഞ്ചായത്ത് പതിനെട്ടാം വാർഡ് മോരിക്കര സൗത്ത് 01/10/2019 മുതൽ 31.03.2019 വരെയുള്ള 2 പ്രവൃത്തികളാണ്, സോഷ്യൽ ഓഡിറ്റ്ന് വേണ്ടി

തിരഞ്ഞെടുത്തത്.വാർഡിൽ ആകെ 14 തൊഴിലാളികളാണ് ഉള്ളത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.കിണർ നിർമ്മാണം. വർക്ക് കോഡ് :1604002002/IF/401702

2.കല്ല് കയ്യാല മണ്ണ് വരമ്പ് നിർമ്മാണം. വർക്ക് കോഡ് :1604002002/WC/294780

| Sl. No | വർക്ക് കോഡ് | പ്രവൃത്തിയുടെ പേര് | പ്രവൃത്തി സ്ഥിതി | അടങ്കൽ തുക | അനുവദിച്ച തൊഴിൽ ദിനങ്ങൾ | ലഭിച്ച തൊഴിൽദിനങ്ങൾ | ആകെ വേതന | സാധനം ഘടകം |
|---|---|---|---|---|---|---|---|---|
| 1 | IF/401702 | കിണർ നിർമ്മാണം | Completed | 37500 | | 9 | 31500 | 2530 |
| 2 | WC /294780 | കല്ല് കയ്യാല മണ്ണ് വരമ്പ് നിർമ്മാണം | Completed | 495500 | 1776 | 1163 | 315173 | |

1. കിണർ നിർമ്മാണം. വർക്ക് കോഡ് :1604002002/IF/401702

14.03.2019 മുതൽ 29.03.2019 വരെ

9 പ്രവൃത്തി ദിവസങ്ങളിലായി 1 അവിദഗ്ധ തൊഴിലാളിയും 3 അർദ്ധവിദഗ്ധ തൊഴിലാളിയും ജോലി ചെയ്തിട്ടുണ്ട്. കാറ്റഗറി ബിയിൽ ഉൾപ്പെട്ട വർക്ക് ആയതിനാൽ മഴവെള്ളം സംഭരിക്കുവാനും ജലക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നു.

വേതനടിസ്ഥാനത്തിൽ 31500/- രൂപയും സൈറ്റ് ബോർഡിനായി 2530/- രൂപയും ചിലവായി. അടങ്കൽ തുക. 37500/- രൂപയാണ്.

2. കല്ല് കയ്യാല മണ്ണ് വരമ്പ് നിർമ്മാണം. വർക്ക് കോഡ് :1604002002/WC/294780.

20.09.2018 മുതൽ 24.12.2018 വരെ

2018-2019 ഈ കാലയളവിൽ 1,263 വിദഗ്ധ തൊഴിലാളികൾ ജോലി ചെയ്തിട്ടുണ്ട് ഈ പ്രവൃത്തിയിലൂടെ മഴവെള്ളം പറമ്പുകളിൽ തന്നെ സംരക്ഷിക്കപ്പെടുകയും അതോടൊപ്പം മേൽ മണ്ണ് ഒലിച്ചുപോകുന്നത് തടയുന്നു.

അവിദഗ്ധ തൊഴിലാളികൾക്ക് വേതന അടിസ്ഥാനത്തിൽ 315173/-രൂപയും, വാടകയിനത്തിൽ 5815/- രൂപയും സൈറ്റ് ബോർഡിനായി 2530/- രൂപയും ചെലവഴിച്ചിട്ടുണ്ട്. അടങ്കൽ തുക. 495500/- രൂപയുമാണ്.

## 7 രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 7 രജിസ്റ്ററുകൾ നിർബന്ധമായും പഞ്ചാബി സൂക്ഷിക്കേണ്ടതാണ്.

- തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
- ഗ്രാമസഭാ രജിസ്റ്റർ
- തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ.
- പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ.
- സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
- പരാതി രജിസ്റ്റർ.
- സാധന രജിസ്റ്റർ.

2018 19 സാമ്പത്തികവർഷത്തെ രജിസ്റ്ററുകൾ എം ഐ എസിൽ നിന്നും ശേഖരിച്ച സൂക്ഷിച്ചിട്ടുണ്ട് തൊഴിലുറപ്പ് ഗ്രാമസഭയ്ക്ക് വേണ്ടി പ്രത്യേകം റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്ററിൽ പ്രസ്തുത പ്രവർത്തികളെ കുറിച്ചുള്ള പരാതികൾ ഒന്നും തന്നെ കാണാൻ സാധിച്ചില്ല.

## ഫയലിൽ ഉണ്ടായിരിക്കേണ്ട 22 രേഖകൾ

1) _കവർപേജ്
2) ചെക്ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ/ സെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി.
5) ഭരണാനുമതിയുടെ കോപ്പി
6) സാങ്കേതിക അനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മസ്റ്റർ റോൾ ന്റെ കോപ്പി
11) മെഷർമെന്റ് ബുക്കിംഗ് കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റിവ് സ്റ്റേറ്റ്മെന്റ് ന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി
13) വേജ് ലിസ്റ്റ്
14) വേതനത്തിനും സാധനങ്ങൾക്ക് പണമടച്ച് അതിനെയും എഫ്ബി

യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചർന്റെയും ബില്ലുകളുടെയും കോപ്പി

16) റോയൽ അടച്ച രസീത് കോപ്പി

17) തൊഴിലിന് മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ

18) പ്രവർത്തി പൂർത്തീകരണം സർട്ടിഫിക്കറ്റ് കോപ്പി

19) മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോസ്

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

22) സൈറ്റ് ഡയറി

- <u>കവർ പേജ്</u>

പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ് പരിശോധിച്ച രണ്ട് ഫയലിലുംഎ, എം. സി പ്രകാരമുള്ള പ്രാദേശിക ഭാഷയിൽ അല്ലാത്ത കവർ പേജാണ് കാണാൻ സാധിച്ചത്.

- <u>ചെക്ക് ലിസ്റ്റ്</u>

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത പേജ് മുതൽ സൂക്ഷിച്ചിരിക്കുന്ന രേഖയാണ് ചെക്ക്ലിസ്റ്റ്. പരിശോധിച്ച് രണ്ടു ഫയലിലും ചെക്ലിസ്റ് കാണാൻ സാധിച്ചില്ല.

- <u>ആക്ഷൻ പ്ലാനിന്റെ കോപ്പി</u>

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖയാണ് ആക്ഷൻപ്ലാൻ കോപ്പി. പരിശോധിച്ച് രണ്ട് ഫയലിലും പ്ലാനിംഗ് കോപ്പി കാണാൻ സാധിച്ചില്ല അത് ഫയലിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

- <u>ഭരണാനുമതി യുടെ കോപ്പി</u>

ഡ്രസ്സ് ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി പരിശോധിച്ച് രണ്ട് ഫയലിലും വന്നാൽമതി യുടെ കോപ്പി കാണാൻ സാധിച്ചില്ല.

- <u>സാങ്കേതിക അനുമതിയുടെ കോപ്പി</u>

പ്രവർത്തിച്ച സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിന്റെ ആധികാരിക രേഖയാണ് സാങ്കേതികാനുമതി പരിശോധിച്ച് എല്ലാ ഫയലുകളും സാങ്കേതികാനുമതി ലഭിച്ചവയാണ്.

- <u>തൊഴിലിനുള്ള അപേക്ഷ</u>

പരിശോധിച്ച് രണ്ട് ഫയലിലും തൊഴിലിനുള്ള അപേക്ഷകൾ കാണാൻ സാധിച്ചില്ല അപേക്ഷ ഫയലിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

- <u>തൊഴിൽ അനുവദിച്ചതിനെ കോപ്പി</u>

തൊഴിൽ അനുവദിച്ച കാര്യം തൊഴിലാളികളെ രേഖാമൂലം അറിയിക്കണം എന്നാണ് വ്യവസ്ഥ പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് ലൊക്കേഷൻ എല്ലാ ഫയലുകളും തൊഴിൽ അനുവദിച്ചതിനെ കോപ്പി കാണാൻ സാധിച്ചില്ല.

- <u>മസ്റ്റർ റോൾ</u>

പ്രവർത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ പണി ആരംഭിക്കുന്നതിനു മുൻപ് രാവിലെയും അവസാനിച്ചശേഷം വൈകുന്നേരവും മസ്റ്റ റോളിൽ ഒപ്പ് വെക്കണം പരിശോധിച്ച് എല്ലാ ഫയലുകളും മാസ്റ്റർ കാണാൻ സാധിച്ചു പ്രവൃത്തിയുടെ പേര് തീയതി മാറ്റിന്റെ പേര്, ഒപ്പ്, എന്നിവ ഉണ്ടായിരുന്നു.

- <u>മെഷർമെന്റ് ബുക്ക്</u>

പ്രവർത്തി ചെയ്തവരെ രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർ മെന്റെ ബുക്ക് പരിശോധിച്ച് എല്ലാ ഫയലുകളിലും കാണാൻ സാധിച്ചു ഫീൽഡ് സന്ദർശനത്തിൽ നിന്നും ലഭിച്ച വിവരങ്ങളുംഎം ബുക്കിലെ വിവരങ്ങളും ഏകദേശം തുല്യമാണ്. കയ്യാല മൺ വരമ്പ് എന്നിവ മഴ കാരണം നശിച്ച അതിനാൽ കാടുമൂടിയ ഈ അവസ്ഥയിൽ ആയതിനാലും അളവുകൾ കൃത്യമായി അളക്കാൻ സാധിച്ചില്ല.

- <u>മെറ്റീരിയൽ ബിൽ</u>

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ. പരിശോധിച്ച രണ്ട് ഫയലിലും മെറ്റീരിയൽ ബില്ല് ആവശ്യമായ വന്നിട്ടില്ല.

- <u>എഫ് ടി ഓ</u>

പരിശോധിച്ച് എല്ലാ ഫയലുകളിലും മെട്രോയുടെ കോപ്പി ഉണ്ടായിരുന്നു.

- <u>സാധന ഘടകം</u>

സാധന ഘടകം ആവശ്യമില്ലാത്ത പ്രവൃത്തിയായിരുന്നു.

- <u>റോയൽറ്റി</u>

റോയൽ നൽകിയ പ്രവർത്തി ആണോ എന്ന് അറിയാൻ സഹായിക്കുന്ന രേഖയാണ് ടോയ്ലറ്റിലേക്ക് ചെയ്ത പ്രവർത്തികൾ ഒന്നു റോയൽറ്റി ആവശ്യമില്ലാത്തവയാണ്.

- <u>വേജ് ലിസ്റ്റ്</u>

മസ്റ്റർ റോൾ ഇൻ ആനുപാതികമായി തൊഴിലാളികൾക്ക് വേതന അനുവദിച്ചു എന്ന് തെളിയിക്കുന്ന ആധികാരിക രേഖയാണ് വേജ് ലിസ്റ്റ്. വേജ് ലിസ്റ്റിന്റെ കോപ്പി ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

- <u>ഫോട്ടോസ്</u>

പ്രവർത്തനവുമായി ബന്ധപ്പെട്ട് എടുക്കേണ്ട മൂന്ന് പതിപ്പുകൾ അതായത് ആരംഭം പ്രവർത്തനം നടക്കുമ്പോൾ പ്രവർത്തി പൂർത്തീകരിച്ച ശേഷം ഫയലിൽ ഉണ്ടായിരിക്കണം പരിശോധിച്ച് ഫയലുകളിൽ കിണർ നിർമ്മാണത്തിന് ഫോട്ടോസ് കാണാൻ സാധിച്ചിട്ടുള്ളൂ. ഫോട്ടോ ഫയൽ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

- <u>പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം</u>

പ്രവർത്തി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന_രേഖയാണ്. പരിശോധിച്ച് രണ്ടു ഫയലിലും പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കാണാൻ സാധിച്ചു.

- <u>മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്</u>

ഒരു പ്രവർത്തിയുടെ ഓരോഘട്ടത്തിലും മസ്റ്റർ റോൾ അനുവദിച്ച തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തീയതികളിൽ നടന്നത് എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് എല്ലാ ഫയലുകളിലും മസ്റ്റർ റോൾ മൂവിമെൻറ് സ്ലിപ് ഉണ്ടായിരുന്നു.

- <u>സംയോജിത പദ്ധതി</u>

പരിശോധിച്ച് രണ്ട് ഫയലിലും കൺവർജന്സ് ആവശ്യമില്ലാത്ത പ്രവൃത്തിയായിരുന്നു.

- <u>ജിയോ ടാഗ് ഫോട്ടോസ്</u>

പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടെക് ഫോട്ടോസ് ജിയോ ടെക് ഫോട്ടോസ് കാണാൻ സാധിച്ചില്ലഫയലിൽ അത് ഉൾപ്പെടുത്തേണ്ടതാണ്.

- <u>എസ്റ്റിമേറ്റ് & എസ്റ്റിമേറ്റ് റിപ്പോർട്ട്</u>

വിശദമായ എസ്റ്റിമേറ്റും എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലുകളിലും ഉണ്ടായിരുന്നു.

- **<u>സൈറ്റ് ഡയറി</u>**

**തൊഴിലുറപ്പ് പദ്ധതി പ്രവർത്തി സ്ഥലത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്നതിനുള്ള രേഖയാണ് സൈറ്റഡയറി. പ്രവർത്തി സ്ഥലം സന്ദർശിക്കുന്ന പൊതു പ്രവർത്തകരും സാധാരണക്കാരും അവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആക്ഷേപങ്ങളും എഴുതേണ്ടത് സൈറ്റ് ഡയറിയിൽ ആണ്. പ്രോജക്ട് മീറ്റിംഗ് മിനിറ്റ്സ് ഹാജർ ഉം സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് അനുവദിച്ചു നൽകിയിരിക്കുന്ന സൗകര്യങ്ങളുടെ വിവരങ്ങളും ഇതിൽ നിർബന്ധമായും എഴുതിയിരിക്കണം വിലാസവും ഫോൺ നമ്പറും സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.**

**പരിശോധിച്ച് രണ്ടു ഫയലുകളിലും ചെക്ക് ലിസ്റ്റ് പൂർണമായിരുന്നു പ്രോജക്ട് മീറ്റിംഗ് നടത്തിയ വിവരങ്ങൾ എല്ലാ ഫയലുകളും രേഖപ്പെടുത്തിയിരുന്നു തൊഴിലാളികളുടെ സാക്ഷ്യപത്രംവി എം സി റിപ്പോർട്ട് സന്ദർശക സാക്ഷ്യപത്രം അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ഒപ്പ് എന്നിവ ഉണ്ടായിരുന്നു.**

- **<u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ന്റെ കോപ്പി</u>**

**ഒരു പ്രവർത്തിയുടെ നേരവകാശികൾ ആയ സാധാരണ ജനങ്ങൾ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടൽ ആണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പു പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണ് ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ പ്രതീക്ഷിച്ച നേട്ടം പദ്ധതിമൂലം ഉണ്ടായിട്ടുണ്ടോ എന്ന് എല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ്.**

**സോഷ്യൽ ഓഡിറ്റ് ടീം രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു നോക്കുകയും ചെയ്യുന്നു.പ്രേത്യകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആണ് സോഷ്യലിസൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത് പ്രവർത്തി സോഷ്യൽ ഓഡിറ്റിനും വിധേയമായി എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ആറുമാസം കൂടുമ്പോൾ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്.**

**<u>സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്</u>**

**ഒരു പ്രവർത്തി നടത്തിയ സ്ഥലം കൃത്യമായി മനസ്സിലാക്കാനും പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സി ഐ ബി അത്യാവശ്യമാണ്. തൊഴിൽ നിയമം ഷെഡ്യൂൾ 22(4)ലും, വാർഷിക മാസ്റ്റർ സർക്കുലർ ചാപ്റ്റർ 16(6), 11, 7, 13 എന്നിവയിലും സി ഐ ബി യെകുറിച്ചു പരാമർശിക്കുന്നു. പരിശോധിച്ച 2 ഫയലിൽ കിണർ നിർമാണപ്രവൃത്തിക്ക് മാത്രമേ ബോർഡ് കാണാൻ സാധിച്ചുള്ളൂ.**

## നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം

തൊഴിലുറപ്പിന് അവകാശങ്ങളെ ഒന്നായി സമയബന്ധിതമായ പരാതി പരിഹാരത്തിനുള്ള അവകാശം നിലനിൽക്കെത്തന്നെ പദ്ധതികൾ പലവിധത്തിൽ ഉണ്ടെങ്കിലും ഈ അവകാശത്തെ കുറിച്ച് തൊഴിലാളികൾക്ക് അവബോധം ഇല്ലാത്തതു കൊണ്ട് നാളിതുവരെ ഒരു പരാതിയുംപഞ്ചായത്തിൽ രേഖാപരമായി സമർപ്പിച്ചിട്ടില്ല.സൈറ്റ് സന്ദർശിക്കുന്ന ഉദ്യോഗസ്ഥരുടെ അടുത്ത് പരാതി വാക്കാൽ പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്. പരാതി പരിഹാരത്തിന് 1800425436 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥരോട്

- _പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക. കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.
- ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് തൊഴിൽ സ്ഥലങ്ങളിൽ നൽകുക.
- മസ്റ്റർ റോൾ അനുവദിച്ച നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തീയതി യോടു കൂടി ഒപ്പ് സീൽ എന്നിവ ഉറപ്പാക്കുക.
- ലേബർ ബഡ്ജറ്റ് വാർഷിക കർമ്മപദ്ധതി, ഷെൽഫ് ഓഫ് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുമ്പോൾ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പ്രാദേശിക വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങളിൽ സന്ദർശിക്കുക
- തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ കാലാവസ്ഥയ്ക്കനുസരിച്ച് തൊഴിൽ നൽകുക.
- പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം തണൽ പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ എന്നിവ ഒരുക്കി കൊടുക്കുക.
- എസ്റ്റിമേറ്റ് അനുസൃതമായി പ്രവൃത്തി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഗ്രാമപഞ്ചായത്തിനോട്

- കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.
- കൂടുതൽ പദ്ധതികളും മഴക്കുഴികൾ മണ്ണ് കഴിയാതെയും ആണ് ചെയ്തിരിക്കുന്നത് ആസ്തി ഉണ്ടാകുന്ന പ്രവർത്തികൾ തിരഞ്ഞെടുക്കുക.
- കൃഷി സംബന്ധമായ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടക സ്ഥാപനമായ കൃഷിഭവനുമായി ആലോചിച്ച് സംയോജിത പദ്ധതികൾ ഏറ്റെടുത്തു നടത്തുക.
- വിദ്യാലയങ്ങൾക്ക് കളിസ്ഥലം ചുറ്റുമതിൽ എന്നിവ നിർമ്മിച്ച് നൽകുക.

- ദേശീയ ഉപജീവന മിഷൻ സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ധ / അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ ആക്കി മാറ്റുക.

______തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടത്താവുന്ന പ്രവർത്തികൾ

i. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ

2) കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ അടി അണകൾ തടയണകൾ ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ചിലപ്പോൾ അതിനു സഹായകമായ നിർമ്മിതികൾ.

3) ഒരു നീർത്തട സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകൾ ആയ കോണ്ടൂർ ട്രെൻഡുകൾ, തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, കൽ തടയണകൾ, ഗ്യാബിയോൺ നിർമിതികൾ, നീരുറവ. പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തികൾ.

4) സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികളും തോടുകൾ കനാലുകൾ എന്നിവയുടെ നിർമ്മാണം പുനരുദ്ധാരണം മെയിന്റനൻസ് എന്നീ പ്രവർത്തികളും.

5) കുളങ്ങളുടെയും മറ്റു ജലസ്രോതസ്സുകളെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.

6) കടലോരങ്ങളിൽ കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിൽ മറ്റ് പൊതു ഭൂമിയിലും ഉംഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വെച്ച് പിടിപ്പിക്കൽ വനവൽക്കരണവും ( ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക് ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്)

7) പൊതു ഭൂമിയിലെ ഭൂവികസനം പ്രവർത്തികൾ

വിഭാഗം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ ( ഖണ്ഡിക. 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

- 1.1.ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഷെഡ്യൂൾ കാസ്റ് ഷെഡ്യൂൾഡ് ട്രൈബ്, നൊമാഡിക് ട്രൈബ്, ഡി നോട്ടിഫൈഡ് ട്രൈബ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ സ്ത്രീകൾ ഗൃഹനാഥനായ കുടുംബങ്ങൾ ഭിന്നശേഷിക്കാർ, ഗൃഹനാഥനായ കുടുംബം ഭൂപരിഷ്കരണ ത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജനഗുണഭോക്താക്കൾ. വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഉള്ള ചെറുകിട നാമമാത്ര കർഷകർ, ഭൂമിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി വികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ് ജല കൊയ്ത്തു നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ.
- 1.2. പഴകൃഷി, തോട്ടവിളകൃഷി, പട്ടുനൂൽ കൃഷി ഫാം ഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ.
- 1.3 ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശുഭൂമി ഭൂമി വികസിപ്പിച്ച

കൃഷിക്ക് അനുയോജ്യം ആക്കൽ.

- 1.4 ഇന്ദിര ആവാസ് യോജന പ്രകാരം ഓ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റു ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഏറ്റെടുക്കുന്ന ഭവനനിർമ്മാണത്തിന് അവിദഗ്ധ കായിക തൊഴിൽ ഘടകം.
- 1.5 മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴികൂട്, ആട്ടിന്കൂട്, പട്ടികൂട്, പുല്ലു തൊട്ടി എന്നിവയുടെ നിർമ്മാണം.
- 1.6 മത്സ്യ ബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന മത അടിസ്ഥാന സൗകര്യങ്ങളായ മത്സ്യ ഉണക്കുന്ന കേന്ദ്രങ്ങൾ മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ വർഷകാലത്ത് മാത്രം വെള്ളമുള്ള പൊതു കുളങ്ങൾ വളർത്തുന്നതിന് അടിസ്ഥാനസൗകര്യ ഒരുക്കലും .

## വിഭാഗം സി-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ

1.1 കാർഷികോൽപ്പന്നങ്ങളുടെ യൂണിറ്റ് സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ ജൈവവളം എന്നിവയ്ക്ക് സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷിക ഉൽപ്പാതന ക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തികളും.

1.2 സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കാവശ്യമായ പൊതു വർക്ക് ഷേഡുകളുടെ നിർമാണവും.

## വിഭാഗം ഡി - ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

1.1 നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്രവിസർജനം ഇല്ലാതാക്കുന്നതിനും വേണ്ടി, സ്വതന്ത്രമായ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അംഗനവാടി ടോയ്‌ലറ്റുകൾ, തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ.

1.2 ഒറ്റപ്പെട്ടുകിടക്കുന്ന ഗ്രാമങ്ങളെയും നിർദിഷ്ട ഗ്രാമീണ ഉൽപ്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ളഎല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന റോഡുകളുടെ നിർമാണവും, ഓടകൾ, കലുങ്ക് ങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾ റോഡുകളുടെയും, വീതി കളുടെയും നിർമ്മാണവും.

1.3 കളി സ്ഥലങ്ങളുടെ നിർമ്മാണവും

1.4 വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവർത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗമന പ്രവർത്തികൾ, മഴ വെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളും മെച്ചപ്പെടുത്തൽ, തീര പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാനസൗകര്യങ്ങൾ റോഡുകളുടെ പുനരുദ്ധാരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തികളും.

1.5 ഗ്രാമ പഞ്ചായത്തുകൾ, വനിതാ സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ, അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ, എന്നിവയ്ക്ക് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ ബ്ലോക്കിലെ ക്രിമറ്റോറിയം ങ്ങളുടെ നിർമ്മാണവും.

1.6 ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 (20/2013 വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായിവരുന്ന ഭക്ഷ്യധാന്യ സംഭരണികളും നിർമ്മാണവു )

1.7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് ഭാഗമായി വരുന്ന നിർമ്മാണസാമഗ്രികളുടെ ഉത്പാദനവും.

1.8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികളും

1.9 ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവർത്തിയും

**പ്രസ്തുത വാർഡിൽ സാധ്യമായ പ്രവർത്തികൾ**

1. ജൈവ വേലി നിർമ്മാണം
2. തീറ്റ പുൽ കൃഷി
3. തൊഴുത്ത് നിർമ്മാണം

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ മിനിറ്റ്സ്**

31.10.2019 വ്യാഴാഴ്ച ചേളന്നൂർ ബ്ലോക്കിലെ കക്കോടി ഗ്രാമപഞ്ചായത്ത് 18 ആം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മോരിക്കര മാറോളി അംഗനവാടിയിൽ വെച്ച് മൂന്ന് 3.30 ന് വൈകുന്നേരം നടത്തുകയുണ്ടായി വാർഡ് മെമ്പർ ശ്രീമതി സുഷമ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ശ്രീമതി ബിന്ദു, വില്ലേജ് റിസോഴ്സ് പേഴ്സൺ മാർ തൊഴിലുറപ്പ് വിഭാഗം ഓവർസിയർ ജിതിൻ ടോം, വിഎംസി അംഗങ്ങൾ തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെ 24 അംഗങ്ങൾ പങ്കെടുത്തിരുന്നു. വാർഡ് മെമ്പർ സ്വാഗതം പറഞ്ഞു കൊണ്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭയ്ക്ക് ആരംഭം കുറിച്ചു തൊഴിലാളികളുടെ ഇടയിൽ നിന്നും ശ്രീമതി ഫാത്തിമ17/108 യെ ക്ഷണിച്ചു അദ്ധ്യക്ഷസ്ഥാനം വഹിച്ചു. വി. ർ. പി അഞ്ജന ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു കൊണ്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ഉദ്ദേശ ത്തിലേക്ക് കടന്നു.

ബി ആർ പി ബിന്ദു, സോഷ്യൽ ഓഡിറ്റിങ്ങിന് കുറിച്ചും ഉംതൊഴിലുറപ്പ്

നിയമവും, അതിന്റെ 10 അവകാശവും. തൊഴിലുറപ്പിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രാധാന്യത്തെക്കുറിച്ചും ആമുഖ വതരണം നടത്തി. പിന്നീട് വി ആർ പി നിതുന, ബി ആർ പി ദിവ്യ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു.

കിണർ നിർമ്മാണം വർക്ക് കോഡ് a.1604002002/IF/401702.

കല്ല് കയ്യാല മണ്ണ് വരമ്പ് നിർമ്മാണം. വർക്ക് കോഡ്. 1604002002/WC/294780. എന്നീ രണ്ടു പ്രവൃത്തികളാണ് സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയത്.

<u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ചർച്ചയും അഭിപ്രായങ്ങളും</u>

തൊഴിലാളികളുടെ വേതനം ലഭിക്കാൻ കാലതാമസം അനുഭവപ്പെടുന്നു എന്ന് മാറ്റം തൊഴിലാളികളും അഭിപ്രായപ്പെട്ടു പുതിയ തൊഴിൽ കാർഡ് നൽകുന്നില്ലെന്നും അതിന്റെ കാരണമെന്തെന്ന് തൊഴിലാളികൾ ചോദിക്കുകയുണ്ടായി. കനാൽ പ്രവർത്തി ചെയ്തു തുടങ്ങുമ്പോൾ തന്നെ ഉദ്യോഗസ്ഥർ വന്ന് നോക്കണം എന്നും ജനങ്ങളുടെ സഹകരണവും വേസ്റ്റ് സംസ്കരണത്തിനുള്ള സൗകര്യവും ഉണ്ടെങ്കിൽ മാത്രമേ, കനാൽ പ്രവർത്തി നല്ല രീതിയിൽ നടക്കുകയുള്ളൂ എന്ന് തൊഴിലാളികൾ സൂചിപ്പിക്കുകയുണ്ടായി. സുരക്ഷാസംവിധാനങ്ങൾ കയ്യുറ കാലുറ ഇവ ആവശ്യമാണെന്നും അത് പഞ്ചായത്തിൽനിന്നും അനുവദിക്കണമെന്നും തൊഴിലാളി സൂചിപ്പിച്ചു 2017 വർഷക്കാലയളവിൽ സംഭവിച്ച അപകടത്തെ കുറിച്ച് യാതൊരു ചികിത്സാ സഹായവും ലഭിച്ചിരുന്നില്ല എന്നും പറയുകയുണ്ടായി. വിഎംസി ഇ അംഗങ്ങൾ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കാറുണ്ട് എന്ന് തൊഴിലാളികൾ സൂചിപ്പിച്ചു. തൊഴിൽ ദിനങ്ങൾ കൂടി തരാനും സമയം മാറ്റി തരുമോ എന്ന സംശയവും തൊഴിലാളികൾ ഉന്നയിച്ചു.

സോഷ്യൽ ഓഡിറ്റിങ്ങിന് കുറിച്ചും തൊഴിലാളികളുടെ ഇടയിൽ ഉള്ള സംശയം ബിആർപി ബിന്ദു വ്യക്തമാക്കി കൊടുത്തു. തുടർന്ന് മറുപടി ചർച്ചയ്ക്കായി തൊഴിലുറപ്പ് വിഭാഗം ഓവർസിയർ മറുപടി നൽകുകയുണ്ടായി.

വേദന വൈകുന്നതിന് കാരണം തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ വേണ്ട നടപടികളും പ്രവർത്തികളും കാര്യക്ഷമമായി ചെയ്യുന്നുണ്ടെന്നും കേന്ദ്രത്തിൽ നിന്നും ഉള്ള കാര്യങ്ങളാണ് കാലതാമസം വരുന്നതെന്നും പറയുകയുണ്ടായി. പുതിയ തൊഴിൽ കാർഡ് നൽകാത്തതിനെ കാരണം ജോബ് കാർഡ് എന്നാൽ ഒരു ഐഡന്റിറ്റി ആണെന്നും അത് പലരും ദുരുപയോഗം ചെയ്യുന്നുണ്ടെന്നും നൽകാത്തത് അല്ല താൽക്കാലികമായി നിർത്തിവെച്ച ആണെന്നും വ്യക്തമാക്കി. കനാൽ പ്രവർത്തി തുടങ്ങുമ്പോൾ വന്ന നിൽക്കാമെന്നും വേസ്റ്റ് സംസ്കരണത്തിന് കാര്യം മെമ്പറുടെ പരിഗണനയിൽ വെക്കാം എന്നു പറയുകയുണ്ടായി. സുരക്ഷാ സംവിധാനങ്ങൾ കയ്യുറ കാലു ഐവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും അത് തൊഴിലാളിക്ക് നൽകാം എന്നും പറയുകയുണ്ടായി. തൊഴിലുറപ്പ് പദ്ധതി ഒരു നിയമത്തിന് പിൻബലമുള്ള പദ്ധതി ആയതിനാൽ തൊഴിൽ ദിനവും സമയത്തിന് കാര്യങ്ങളും ഇതിൽ വരുന്ന മാറ്റങ്ങളും പത്രത്തിലൂടെ അല്ലെങ്കിൽ എന്നിലൂടെ തൊഴിലാളികളെ അറിയിക്കുന്നതാണ് എന്ന് ഓവർസിയർ വ്യക്തമാക്കിയിരുന്നു. ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് വാർഡ് മെമ്പർ അറിയിച്ചു തുടർന്ന് റിപ്പോർട്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭയിലെ അംഗങ്ങൾ കൈയ്യടിച്ചു പാസാക്കി. എ ഡി എസ് മെമ്പർ റീന നന്ദി പറഞ്ഞതിന് ശേഷം 5.00 മണിക്ക് അധ്യക്ഷ യോഗം പിരിച്ചു വിട്ടു.

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കത്ത്

# കക്കോടി ഗ്രാമപഞ്ചായത്ത്

## വാർഡ് – 18

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

ബഹുമാന്യരെ,

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും ഓരോ 6 മാസം കൂടുമ്പോഴും ഗ്രാമസഭയിലൂടെ സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണമെന്ന് തൊഴിലുറപ്പ് നിയമം നിഷ്കർഷിക്കുന്നുണ്ട്. 18-ാം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ **31 – 10 – 2019 വ്യാഴാഴ്ച ഉച്ചക്ക് 3 മണിക്ക് മാറോളി അംഗനവാടി** വെച്ച് നടക്കുകയാണ്.

പദ്ധതി കാര്യക്ഷമമാക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും പൊതുജനങ്ങൾക്ക് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ പരിശോധിക്കുന്നതിനും ഇതിലൂടെ അവസരം ലഭിക്കുന്നു. തൊഴിലാളികൾ തങ്ങളുടെ 10 അവകാശങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ, സ്ഥായിയായ ആസ്ഥികൾ സൃഷ്ടിക്കപ്പെടുന്നുണ്ടോ, ധനവിനിയോഗം കൃത്യമാണോ എന്ന് തുടങ്ങിയ കാര്യങ്ങളാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നത്.

ജനകീയ വിലയിരുത്തലിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണമേൻമ ഉയർത്തുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഈ വാർഡിലെ മുഴുവൻ ജനങ്ങളെയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലേക്ക് ക്ഷണിക്കുന്നു.

വാർഡ് മെമ്പർ
**സുഷമ കെ.**

പ്രസിഡണ്ട്
**കെ.കെ. ചോയിക്കുട്ടി**

അജണ്ട:

1. **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണം**


OPPO F11 · ©masna



സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് അവതരണം

കിണർ നിർമ്മാണം. Wc.1604002002/IF/401702








വാർഡ്. 18. പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ



ബാനിയാളിൽ ഹുസൈൻ (മണ്ണ് വരമ്പ് )

സുമതി ജവഹർ പുറ്റുമണ്ണിൽ (കല്ല് കയ്യാല )





രാധ ചന്ദ്രൻ പുത്തൻപുറായിൽ (കല്ല് കയ്യാല )



വാർഡ്. 18. കമ്മ്യൂണിറ്റി മൊബിലൈസേഷൻ

